(ഡി) സേവന ദാതാവ് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശപ്രകാരം വിദഗ്ദ്ധരെ കണ്ടെത്തി അവരുടെ സേവനം ഭരണ നവീകരണ പരിപാടിയ്ക്ക് ലഭ്യമാക്കും. സേവന ദാതാവിനുള്ള പ്രതിഫലം ഡച്ച് സർക്കാർ നേരിട്ട് നൽകും. ടെണ്ടർ തീരുമാനമായ ശേഷമേ പ്രതിഫലത്തുക നിർണ്ണയിക്കാൻ കഴിയൂ.

(ഇ) സേവന ദാതാവ് വ്യക്തിയല്ല, ഏജൻസിയാണ്. നെതർലന്റ് എംബസിയുടെ ഒരു ടെണ്ടർ കമ്മിറ്റിയാണ് സേവന ദാതാവിനെ തിരഞ്ഞെടുക്കുന്നത്. ടെണ്ടർ തീരുമാനമായ ശേഷം മാത്രമേ ഏതു രാജ്യത്തിലെ ഏജൻസിക്കാണ് കരാർ ലഭിക്കുക എന്ന് നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

(എഫ്) പഠനങ്ങളൊന്നും ഉദ്ദേശിച്ചിട്ടില്ല.

സർക്കാർ നടപടിക്രമങ്ങൾ ലളിതമാക്കാൻ സംവിധാനം

19 (3755) ഡോ. തോമസ് ഐസക് :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ ഭരണ നടപടിക്രമം ലളിതമാക്കാൻ ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റൂളുകളുടെ ലളിതവൽക്കരണവും, ഭരണ നടപടിക്രമം ലളിതമാക്കാനുള്ള കേരള ഭരണ പരിഷ്ക്കാര സമിതിയുടെ ഏതാനും നിർദ്ദേശങ്ങളും പരിശോധിച്ചു വരുന്നതേയുള്ളൂ. അന്തിമ തീരുമാനമായിട്ടില്ല.

മാൻപവർ സെൽ രൂപീകരിക്കാൻ നടപടി

20 (3750) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സർവ്വീസിൽ പെരുകിവരുന്ന സർവ്വീസ് കേസുകൾ പരിഗണിച്ച് സർക്കാർ സർവ്വീസിലെ സർവ്വീസ് സംബന്ധമായ തർക്കങ്ങളും കേസുകളും പരിഹരിക്കുന്നതിലേക്കായി പ്രത്യേക മാൻപവർ സെൽ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) സർവ്വീസ് സംബന്ധമായ ചട്ടങ്ങളിലും നിയമങ്ങളിലും പരിശീലനം നൽകി നിയമ ബിരുദമുള്ളവരെ ഉൾപ്പെടുത്തി വിവിധ വകുപ്പുകളിൽ നിലവിലുള്ള സർവ്വീസ് സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ ;

(സി) സർവ്വീസ് സംബന്ധമായ പരാതികൾക്ക് യഥാസമയം പരിഹാരം കാണാത്തതിൽ ഹൈക്കോടതിയിൽ പെരുകി വരുന്ന കേസുകൾ കുറയ്ക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) സർവ്വീസ് കേസുകൾ പരിഹരിക്കുന്നതിനുള്ള മാൻപവർസെൽ രൂപീകരിക്കാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(സി) പരിശോധിക്കുന്നതാണ്.

പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു തരത്തിലുള്ള നിയമനം നടത്തരുതെന്ന ഉത്തരവ്

21 (3758) ശ്രീ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക നിയമനവും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമുള്ള നിയമനവും നടത്താൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ ;

(സി) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ള തസ്തികകളിൽ മറ്റു തരത്തിലുള്ള നിയമനം നടത്തിയിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ടവരുടെ പേരിൽ നടപടിയെടുക്കാൻ തയ്യാറാകുമോ ;

(ഡി) ഇങ്ങനെ നിയമനം നടത്തിയതായ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇത് ഏതൊക്കെ വകുപ്പുകളെ സംബന്ധിച്ചാണ് എന്നും ഇതിന്റെ വിശദാംശം എന്താണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) അവസാനം നൽകിയ നിർദ്ദേശത്തിന്റെ പകർപ്പ് അനുബന്ധമായി വയ്ക്കുന്നു.*

(സി) നിലവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് കണ്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly